# 017/2025-M

Maximum : 100 marks

Time : 1 മണിക്കൂർ 15 മിനിട്ട്

1. ഇന്ത്യൻ ഭരണഘടനയുടെ ഏഴാം പട്ടിക ചുവടെ നൽകിയിട്ടുള്ളവയിൽ ഏതുമായി ബന്ധപ്പെട്ടിരിക്കുന്നു?

   (A) രാഷ്ട്രപതിയുടേയും പ്രധാനമന്ത്രിയുടേയും ചുമതലകൾ പരാമർശിക്കുന്നു
   (B) ഗോത്രമേഖലകളിലെ ഭരണ സംവിധാനങ്ങളെ പരാമർശിക്കുന്നു
   (C) കേന്ദ്രസർക്കാരിനും സംസ്ഥാനസർക്കാരുകൾക്കുമായി നൽകിയിട്ടുള്ള അധികാര വിഭജനം പരാമർശിക്കുന്നു
   (D) ഇന്ത്യൻ പാർലമെന്റിന്റെ പ്രധാന ചുമതലകൾ പരാമർശിക്കുന്നു

2. ഇന്ത്യൻ ക്രിക്കറ്റ് താരം സച്ചിൻ ടെണ്ടുൽക്കറിന് ലഭ്യമായ അംഗീകാരങ്ങളിൽ ചിലതാണ് താഴെ നൽകിയിരിക്കുന്നത്. ശരിയായവ തെരഞ്ഞെടുക്കുക :

   (i) കായിക ലോകത്തെ ഓസ്കാർ എന്നറിയപ്പെടുന്ന അംഗീകാരമായ ലോറസ് പുരസ്കാരം നേടിയ ആദ്യ ഇന്ത്യക്കാരൻ

   (ii) ഇന്ത്യൻ വ്യോമസേനയുടെ ഓണററി ഗ്രൂപ്പ് ക്യാപ്റ്റൻ പദവി ലഭിച്ച ആദ്യ വ്യക്തി

   (iii) രാജ്യസഭയിലേയ്ക്ക് ആർട്ടിക്കിൾ 80 പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട ആദ്യ മുഴുവൻ സമയ കായികതാരം

   (iv) തിരഞ്ഞെടുപ്പ് കമ്മീഷന്റെ നാഷണൽ ഐക്കൺ ആയി തിരഞ്ഞെടുക്കപ്പെട്ട ക്രിക്കറ്റ് താരം

   കോഡ് :

   (A) (i) ഉം (ii) ഉം ശരിയാണ് (B) (iii) മാത്രം ശരിയാണ്
   (C) (i) ഉം (ii) ഉം (iii) ഉം ശരിയാണ് (D) എല്ലാം ശരിയാണ്

3. കേരളത്തിലെ ചില പ്രശസ്ത കലാരൂപങ്ങളും അവയുടെ രൂപീകരണത്തിന് നേതൃത്വം നൽകിയവരുടെ പേരുകളുമാണ് ചുവടെ നൽകിയിരിക്കുന്നത്. ശരിയായ ജോഡികൾ കണ്ടെത്തുക :

| | | | |
|---|---|---|---|
| (i) | കേരളനടനം | (1) | ചിന്നത്തമ്പിപ്പിള്ള |
| (ii) | യക്ഷഗാനം | (2) | ഗുരു ഗോപിനാഥ് |
| (iii) | ചവിട്ടുനാടകം | (3) | ഗുരുമണി മാധവ ചാക്യാർ |
| (iv) | കൂടിയാട്ടം | (4) | പാർഥി സുബ്ബ |

   കോഡ് :

| | (i) | (ii) | (iii) | (iv) |
|---|---|---|---|---|
| (A) | (2) | (4) | (1) | (3) |
| (B) | (4) | (1) | (3) | (2) |
| (C) | (3) | (2) | (1) | (4) |
| (D) | (4) | (3) | (2) | (1) |

4. ലിഗ്നോസാറ്റുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന ഏത്?

(A) സങ്കീർണ്ണമായ ഓർഗാനിക് പോളിമറുകളുടെ ഒരു വിഭാഗമാണിത്
(B) ലോകത്തിലെ ആദ്യത്തെ തടികൊണ്ട് നിർമ്മിച്ച ഉപഗ്രഹമാണിത്
(C) ലോഹ നിർമ്മാണത്തിലെ പ്രധാന ധാതു വിഭാഗമാണിത്
(D) വളരെ മൃദുവായതും തവിട്ടു നിറത്തിലുള്ളതുമായ അവസാദശിലയാണിത്

5. ഇന്ത്യയുടെ സാമ്പത്തിക അതിർത്തിയിൽ ഉൾപ്പെടാത്തത് :

(A) വ്യോമാതിർത്തി, ജലാതിർത്തി
(B) മറ്റൊരു രാജ്യത്ത് സ്ഥിതിചെയ്യുന്ന രാജ്യത്തിന്റെ എംബസികൾ, ഹൈകമ്മീഷനുകൾ
(C) ഇന്ത്യയ്ക്കകത്തുള്ള മറ്റ് രാജ്യത്തിന്റെ എംബസികൾ, ഹൈകമ്മീഷനുകൾ
(D) കസ്റ്റംസ് നിയന്ത്രണത്തിന് കീഴിലുള്ള ഓഫ്ഷോർ സംരംഭങ്ങൾ നടത്തുന്ന ഫ്രീ സോണുകൾ

6. ലോക നഗര ദിനത്തിൽ യുനെസ്കോ (2023) പുറത്തിറക്കിയ 55 ക്രീയേറ്റീവ് നഗരങ്ങളുടെ പട്ടികയിൽ ഇടംനേടിയതും സാഹിത്യ നഗരം എന്ന പദവി ലഭിച്ചതുമായ കേരളത്തിലെ ആദ്യ നഗരം :

(A) കൊച്ചി
(B) തിരുവനന്തപുരം
(C) തൃശ്ശൂർ
(D) കോഴിക്കോട്

7. "തിരികെ സ്ക്കൂളിലേയ്ക്ക്" എന്ന ശാക്തീകരണക്യാമ്പയിൻ ഏതുമായി ബന്ധപ്പെട്ടിരിക്കുന്നു?

(A) സംസ്ഥാന കുടുംബശ്രീ മിഷൻ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന അയൽക്കൂട്ട ശാക്തീകരണ യജ്ഞം
(B) ദേശീയ സാക്ഷരതാമിഷന്റെ ശാക്തീകരണ യജ്ഞം
(C) ദേശീയ വിദ്യാഭ്യാസ നയം 2020 പ്രകാരം സംഘടിപ്പിച്ചിരിക്കുന്ന പരിപാടി
(D) സർവ്വ ശിക്ഷാ കേരള പദ്ധതി പ്രകാരം നടത്തിവരുന്ന പരിപാടി

8. ഗിഗ്-പ്ലാറ്റ്ഫോം തൊഴിലാളികളുമായി ബന്ധപ്പെട്ട് നൽകിയിരിക്കുന്ന ഉചിതമായ (ശരിയായ) ആശയങ്ങൾ തിരിച്ചറിയുക :

(i) ഗിഗ്-പ്ലാറ്റ്ഫോം തൊഴിലാളികൾക്ക് ആവശ്യാനുസരണം കമ്പനികളുമായി ഔപചാരിക കരാറുകളിൽ ഏർപ്പെടാൻ സാധിക്കുന്നില്ല
(ii) താൽക്കാലികവും സമയബന്ധിതവുമായി പൂർത്തിയാക്കേണ്ട തൊഴിലുകളാണിവ
(iii) ഒരേ സമയം ഒന്നിലധികം സ്ഥാപനങ്ങളിൽ ജോലി ചെയ്യുവാൻ സാധിക്കുന്നു

(A) (i) ഉം (ii) ഉം ശരിയാണ്
(B) (ii) ഉം (iii) ഉം ശരിയാണ്
(C) (i) ഉം (iii) ഉം ശരിയാണ്
(D) എല്ലാം ശരിയാണ്

9. രാഷ്ട്രപതി ഭവനിലെ ദർബാർ ഹാളിന്റെ പുതിയ പേര് :

(A) അശോക മണ്ഡപം
(B) ആസ്ഥാന മണ്ഡപം
(C) മഹാ മണ്ഡപം
(D) ഗണതന്ത്ര മണ്ഡപം

10. ചുവടെ നൽകിയിരിക്കുന്ന തീമുകൾ ശരിയായ രീതിയിൽ ക്രമപ്പെടുത്തുക :

| | | | |
|---|---|---|---|
| (i) | കേരള വിനോദ സഞ്ചാര ദിനം (2024) | (1) | നമ്മുടെ ഭൂമി നമ്മുടെ ഭാവി |
| (ii) | കേരള വിനോദ സഞ്ചാരം (2024) | (2) | വിനോദ സഞ്ചാരവും സമാധാനവും |
| (iii) | യു.എൻ.ഇ.പി. (2024) | (3) | സുസ്ഥിര യാത്രകൾ കാലാതീത മായ ഓർമ്മകൾ |
| (iv) | ലോക വിനോദ സഞ്ചാര ദിനം (2024) | (4) | വൃത്തിയുള്ളതും പച്ചപ്പുള്ളതും |

കോഡ് :

| | (i) | (ii) | (iii) | (iv) |
|---|---|---|---|---|
| (A) | (3) | (4) | (1) | (2) |
| (B) | (2) | (1) | (4) | (3) |
| (C) | (4) | (3) | (2) | (1) |
| (D) | (2) | (4) | (1) | (3) |

11. സിന്ധു നദിയുടെ പോഷകനദികൾ താഴെ കൊടുത്തിരിക്കുന്നതിൽ ശരിയായത് ഏത്?

(A) ഝലം, ചിനാബ്, രവി, ബിയാസ്, സത്‌ലജ്
(B) ഝലം, ചിനാബ്, കോസി, ബിയാസ്, സത്‌ലജ്
(C) ഝലം, ചിനാബ്, രവി, തിസ്ത, സത്‌ലജ്
(D) ഝലം, സോൺ, രവി, ബിയാസ്, സത്‌ലജ്

12. ഇന്ത്യയിലെ കാർഷിക കാലങ്ങളിലെ 'റാബി'യുടെ ശരിയായ വിളയിറക്കൽ കാലം :

(A) മാർച്ച്
(B) ജൂൺ
(C) നവംബർ മധ്യം
(D) ഡിസംബർ

13. 'കോട്ടോണോപോളീസ്' എന്നു വിശേഷിപ്പിക്കുന്ന ഇന്ത്യൻ നഗരം :

(A) കൽക്കട്ട
(B) ഡൽഹി
(C) ഹൈദ്രാബാദ്
(D) മുംബൈ

14. 1959-ൽ ജർമ്മനിയുടെ സാങ്കേതിക സഹായത്തോടെ സ്ഥാപിതമായ ഇന്ത്യയിലെ ഇരുമ്പുരുക്കുശാല :

(A) ഹിന്ദുസ്ഥാൻ സ്റ്റീൽ ലിമിറ്റഡ്, ഭിലായ്
(B) ഹിന്ദുസ്ഥാൻ സ്റ്റീൽ ലിമിറ്റഡ്, റൂർക്കേല
(C) ഹിന്ദുസ്ഥാൻ സ്റ്റീൽ ലിമിറ്റഡ്, ദുർഗാപൂർ
(D) ഹിന്ദുസ്ഥാൻ സ്റ്റീൽ ലിമിറ്റഡ്, ബൊക്കാറോ

15. ഇന്ത്യയിലെ ആറുവരിപാതകളായ സൂപ്പർഹൈവേകളെ ചേർത്ത് 'സുവർണ ചതുഷ്കോണ സൂപ്പർഹൈവേ' എന്ന് പേര് നൽകിയിട്ടുള്ള റോഡ് ഏതെല്ലാം നഗരങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നു?

(A) ഡൽഹി, മുംബൈ, ഹൈദ്രാബാദ്, കൊൽക്കത്ത
(B) ഡൽഹി, മുംബൈ, ചെന്നൈ, കൊൽക്കത്ത
(C) ഡൽഹി, അഹമ്മദാബാദ്, ചെന്നൈ, കൊൽക്കത്ത
(D) ഡൽഹി, ഹൈദ്രാബാദ്, അഹമ്മദാബാദ്, കൊൽക്കത്ത

16. 1956 നവംബർ 1 ന് കേരള സംസ്ഥാനം രൂപീകൃതമായപ്പോൾ തിരുവിതാംകൂറിന്റെ ഭാഗമായിരുന്ന ഏതെല്ലാം താലൂക്കുകളാണ് മദിരാശി സംസ്ഥാനത്തിന് വിട്ടുകൊടുത്തത്?

(A) തോവാള, അഗസ്തീശ്വരം, കൽക്കുളം, വിളവൻകോട്
(B) തോവാള, അഗസ്തീശ്വരം, തിരുവട്ടാർ, വിളവൻകോട്
(C) തോവാള, അഗസ്തീശ്വരം, കൽക്കുളം, തിരുവട്ടാർ
(D) തോവാള, തിരുവട്ടാർ, കൽക്കുളം, വിളവൻകോട്

17. ഡോ. ഡി.എസ്. കോത്താരി കമ്മീഷന്റെ ശുപാർശകളിൽ ഉൾപ്പെടാത്തത് താഴെപറയുന്നതിൽ ഏതാണ്?

(A) 10 + 2 + 3 മാതൃകയിൽ വിദ്യാഭ്യാസം നടപ്പിലാക്കണം
(B) സെക്കണ്ടറി തലത്തിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നടപ്പിലാക്കണം
(C) ത്രിഭാഷാ പദ്ധതി നടപ്പിലാക്കണം
(D) മൂല്യ വിദ്യാഭ്യാസത്തിന് ഊന്നൽ നൽകണം

18. കേരളത്തിലെ ഏത് നിയമസഭാ മണ്ഡലത്തിലേയ്ക്കുള്ള ഉപതെരഞ്ഞെടുപ്പിലാണ് ആദ്യമായി ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ പരീക്ഷിച്ചത്?

(A) അരൂർ
(B) പറവൂർ
(C) പുനലൂർ
(D) പേരാവൂർ

19. തമിഴ്നാട്ടിലെ നെയ്‌വേലിയിൽ നിന്നും ലഭിക്കുന്ന ഇന്ധനക്ഷമത കുറഞ്ഞ കൽക്കരി താഴെ പറയുന്നതിൽ ഏതാണ്?

(A) പീറ്റ് (B) ആന്ത്രസൈറ്റ്
(C) ബിറ്റുമിനസ് (D) ലിഗ്നൈറ്റ്

20. സാമൂഹിക പരിഷ്ക്കർത്താക്കളും അവർ രൂപം നൽകിയ പ്രസ്ഥാനങ്ങളുമാണ് താഴെ നൽകിയിരിക്കുന്നത്. തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നത് കണ്ടെത്തുക :

(A) വാഗ്ഭടാനന്ദൻ - ആത്മവിദ്യാസംഘം
(B) വി.ടി. ഭട്ടതിരിപ്പാട് - യോഗക്ഷേമസഭ
(C) കുമാരഗുരുദേവൻ - സമത്വസമാജം
(D) പണ്ഡിറ്റ് കെ.പി. കറുപ്പൻ - അരയസമാജം

21. ഇന്ത്യൻ സംസ്കാരത്തിൽ ആകൃഷ്ടയായി 1893-ൽ ഇന്ത്യൻ പൗരത്വം സ്വീകരിച്ച ഐറിഷ് വനിത :

(A) അരുണ ആസഫ് അലി (B) സരോജിനി നായിഡു
(C) മാഡം കാമ (D) ആനി ബസന്റ്

22. നിസ്സഹകരണ പ്രസ്ഥാനം നിർത്തിവയ്ക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച സംഭവം ഏത്?

(A) ജാലിയൻ വാലാബാഗ് കൂട്ടക്കൊല (B) ചൗരി ചൗരാ സംഭവം
(C) ഉപ്പു സത്യാഗ്രഹം (D) ചമ്പാരൻ സത്യാഗ്രഹം

23. 1857-ലെ ഒന്നാം സ്വാതന്ത്ര്യ സമരത്തിൽ ഇന്ത്യയുടെ ചക്രവർത്തിയായി പ്രഖ്യാപിക്കപ്പെട്ട ഭരണാധികാരി :

(A) നാനാ സാഹിബ് (B) താന്തിയാ തോപ്പി
(C) റാണി ലക്ഷ്മി ബായി (D) ബഹദൂർഷാ രണ്ടാമൻ

24. 'ലോകമാന്യ' എന്ന് ജനങ്ങൾ ആദരവോടെ വിളിച്ച സ്വാതന്ത്ര്യ സമര സേനാനി :

(A) ബാലഗംഗാധര തിലകൻ
(B) ബിപിൻ ചന്ദ്രപാൽ
(C) ലാലാ ലജ്പത് റായ്
(D) ഗോപാല കൃഷ്ണ ഗോഖലെ

25. ഇന്ത്യൻ സൊസൈറ്റി ഓഫ് ഓറിയന്റൽ ആർട്സിന്റെ സ്ഥാപകൻ :

(A) രാജാ രവിവർമ്മ (B) അബനീന്ദ്രനാഥ ടാഗോർ
(C) രവീന്ദ്രനാഥ ടാഗോർ (D) സത്യേന്ദ്രനാഥ് ടാഗോർ

26. ഇന്ത്യയിൽ സാമ്പത്തിക ആസൂത്രണത്തിന് വേണ്ടി 1950-ൽ നിലവിൽ വന്ന ആസൂത്രണ കമ്മീഷന്റെ പുതിയ രൂപം :

(A) നീതി ആയോഗ്
(B) നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്
(C) ജി.എസ്.ടി. സമിതി
(D) യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷൻ

27. പോവർട്ടി ആന്റ് അൺ ബ്രിട്ടീഷ് റൂൾ ഇൻ ഇന്ത്യ എന്ന പുസ്തകം രചിച്ചതാര്?

(A) സുരേന്ദ്രനാഥ ബാനർജി
(B) ബദറുദ്ദീൻ ത്വയ്യിബ്ജി
(C) ദാദാഭായ് നവ്റോജി
(D) ഫിറോസ്ഷാ മേത്ത

28. ഇന്ത്യൻ നവോത്ഥാനത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന സാമൂഹ്യ പരിഷ്കർത്താവ് :

(A) രാജാറാം മോഹൻ റോയ്
(B) ശ്രീനാരായണഗുരു
(C) സ്വാമി ദയാനന്ദ സരസ്വതി
(D) സ്വാമി വിവേകാനന്ദൻ

29. ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങളെ പുനഃസംഘടിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാർ നിയമിച്ച സംസ്ഥാന പുനഃസംഘടനാ കമ്മീഷന്റെ അധ്യക്ഷൻ :

(A) എച്ച്.എൻ. കുൻസ്രു
(B) വി.പി. മേനോൻ
(C) കെ.എം. പണിക്കർ
(D) ഫസൽ അലി

30. ആരാധന സ്വാതന്ത്ര്യത്തിനുവേണ്ടി നടന്ന പ്രക്ഷോഭങ്ങളുടെ സ്വാധീനഫലമായി തിരുവിതാംകൂർ സർക്കാർ ക്ഷേത്രപ്രവേശന വിളംബരം പുറപ്പെടുവിച്ച വർഷം :

(A) 1924
(B) 1931
(C) 1936
(D) 1921

31. താഴെ തന്നിരിക്കുന്നവയിൽ സാംസ്കാരികവും വിദ്യാഭ്യാസപരവുമായ മൗലിക അവകാശങ്ങളിൽ ഉൾപ്പെടാത്തത് ഏത്?

(A) വിദ്യാഭ്യാസത്തിനുള്ള അവകാശം
(B) ന്യൂനപക്ഷങ്ങളുടെ ഭാഷ, സംസ്കാരം ഇവ സംരക്ഷിക്കാനുള്ള അവകാശം
(C) ന്യൂനപക്ഷങ്ങൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കാനുള്ള അവകാശം
(D) ഇവയൊന്നുമല്ല

32. അർദ്ധ പ്രസിഡൻഷ്യൽ എക്സിക്യൂട്ടീവ് നിലവിലുള്ള രാജ്യമേതാണ്?

(A) അമേരിക്ക
(B) ഇന്ത്യ
(C) ശ്രീലങ്ക
(D) സ്വിറ്റ്സർലാന്റ്

**33.** ഇന്ത്യൻ പ്രസിഡന്റായിരുന്ന ഫക്രുദീൻ അലി അഹമ്മദ് അന്തരിച്ചപ്പോൾ പ്രസിഡന്റ് പദം ഏറ്റെടുത്തത് ആരായിരുന്നു?

(A) വി.വി. ഗിരി
(B) ഡോ. സക്കീർ ഹുസൈൻ
(C) ബാസപ്പ ദാനപ്പ ജട്ടി
(D) ധ്യാനി സെയിൽ സിംഗ്

**34.** അന്താരാഷ്ട്ര തർക്കങ്ങൾ മാദ്ധ്യസ്ഥം വഴി ഒത്തുതീർപ്പാക്കുന്നതിന് രാജ്യം പ്രോത്സാഹിപ്പിക്കേണ്ടതാണ് എന്നു പരാമർശിച്ചിരിക്കുന്ന അനുച്ഛേദം :

(A) അനുച്ഛേദം – 51(1)
(B) അനുച്ഛേദം – 51(2)
(C) അനുച്ഛേദം – 51(3)
(D) അനുച്ഛേദം – 51(4)

**35.** രാജ്യസഭയുടെ അദ്ധ്യക്ഷനും ഉപാദ്ധ്യക്ഷനും, ലോകസഭയുടെ സ്പീക്കർക്കും, ഡെപ്യൂട്ടി സ്പീക്കർക്കും ഉള്ള ശമ്പളം, ബത്ത ഇവയെക്കുറിച്ച് പരാമർശിച്ചിരിക്കുന്ന ഇന്ത്യൻ ഭരണഘടന ആർട്ടിക്കിൾ :

(A) ആർട്ടിക്കിൾ - 73
(B) ആർട്ടിക്കിൾ - 97
(C) ആർട്ടിക്കിൾ - 116
(D) ആർട്ടിക്കിൾ - 70

**36.** തെറ്റായ പ്രസ്താവന കണ്ടെത്തുക :

(A) ഹൈക്കോടതിയിലെ ജഡ്ജിയുടെ കർത്തവ്യ പെരുമാറ്റത്തെപ്പറ്റി സംസ്ഥാന നിയമനിർമ്മാണസഭയിൽ ചർച്ച ആകാം
(B) നിയമസഭയിലെ അംഗമായി തെരഞ്ഞെടുക്കുവാൻ ഒരു അവിമുക്ത നിർദ്ധനനായിരിക്കുവാൻ പാടില്ല
(C) ഗവർണ്ണറുടെ ശമ്പളവും ബത്തയും സഞ്ചിതനിധിയിൽ ഉൾപ്പെട്ടതാണ്
(D) ഹൈക്കോടതി ജഡ്ജിമാർക്ക് ശമ്പളം പാർലമെന്റ് നിയമം വഴി തീരുമാനിക്കുന്നു

**37.** വിവരാവകാശ കമ്മീഷൻ ഘടന :

(A) മുഖ്യ വിവരാവകാശ കമ്മീഷൻ, സെക്രട്ടറി, വിവരാവകാശ കമ്മീഷൻ, നിയമ വിദഗ്ദ്ധൻ, ധനകാര്യ വിദഗ്ദ്ധൻ, ജോ. സെക്രട്ടറി, സെക്ഷൻ ഓഫീസർ

(B) മുഖ്യ വിവരാവകാശ കമ്മീഷൻ, സെക്രട്ടറി, ധനകാര്യ വിദഗ്ദ്ധൻ, നിയമ വിദഗ്ദ്ധൻ, ജോ. സെക്രട്ടറി, സെക്ഷൻ ഓഫീസ്

(C) മുഖ്യ വിവരാവകാശ കമ്മീഷൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ, സെക്രട്ടറി, നിയമ വിദഗ്ദ്ധൻ, ധനകാര്യ വിദഗ്ദ്ധൻ, ജോ. സെക്രട്ടറി, സെക്ഷൻ ഓഫീസർ

(D) മുഖ്യ വിവരാവകാശ കമ്മീഷൻ, സംസ്ഥാന വിവരാവകാശ കമ്മീഷൻ, സെക്രട്ടറി, ജോ. സെക്രട്ടറി, നിയമ വിദഗ്ദ്ധൻ, ധനകാര്യ വിദഗ്ദ്ധൻ, സെക്ഷൻ ഓഫീസർ

38. നിലവിലെ കേരള വിവരാവകാശ കമ്മീഷണർ :

(A) ഡോ. കെ.എൽ. വിവേകാനന്ദൻ
(B) ശ്രീമതി ഷൈല ബിവി എസ്
(C) ശ്രീ. വി. ഹരി നായർ
(D) ശ്രീ. ഗോപകുമാർ ആർ

39. ഇന്ത്യയിലെ ആദ്യ നാഷണൽ ഹൈവേ സ്റ്റീൽ സ്ലാഗ് റോഡ് ഉദ്ഘാടനം നടന്നത് :

(A) NH–66 – കാസർഗോഡ്-കഴക്കൂട്ടം
(B) NH–66 – മുംബൈ-ഗോവ
(C) NH–66 – ബാംഗ്ലൂർ-ചെന്നൈ
(D) NH–66 – ഡൽഹി-ആഗ്ര

40. സമൂഹത്തിലെ ഭൗതിക സ്വത്തുക്കളുടെ ഉടമസ്ഥതയും, നിയന്ത്രണവും സർക്കാരിന് ഏറ്റെടുത്ത് പൊതുനന്മയ്ക്കായി വിതരണം ചെയ്യാമെന്ന് പറഞ്ഞിരിക്കുന്ന ഭരണഘടനാ അനുഛേദം ഏതാണ്?

(A) അനുഛേദം - 182 (ബി)
(B) അനുഛേദം - 109 (ബി)
(C) അനുഛേദം - 349 (എ)
(D) അനുഛേദം - 39 (ബി)

41. കേരളത്തിൽ സ്ഫടികമണൽ സമ്പന്നമായ ജില്ല :

(A) തൃശ്ശൂർ
(B) കോട്ടയം
(C) പാലക്കാട്
(D) ആലപ്പുഴ

42. കേരളത്തിലെ ആദ്യത്തെ ജലവൈദ്യുത പദ്ധതി ഏത്?

(A) പള്ളിവാസൽ
(B) കല്ലട
(C) കായംകുളം
(D) കൽപ്പാക്കം

43. ചെറുതും വലുതുമായ കേരളത്തിലെ കായലുകളുടെ എണ്ണം :

(A) 44
(B) 34
(C) 24
(D) 14

44. പൂക്കോട് തടാകം ഏത് ജില്ലയിലാണ്?

(A) വയനാട്
(B) തൃശ്ശൂർ
(C) കണ്ണൂർ
(D) കാസർഗോഡ്

45. കേരളത്തിലെ ഏറ്റവും ചെറിയ നദി:

(A) ഭാരതപ്പുഴ
(B) മഞ്ചേശ്വരംപുഴ
(C) ചന്ദ്രഗിരിപ്പുഴ
(D) ചിറ്റരിപ്പുഴ

46. അർജ്ജുന അവാർഡ് നേടിയ ആദ്യ മലയാളി:

(A) വിശ്വനാഥൻ ആനന്ദ്
(B) സി. ബാലകൃഷ്ണൻ
(C) പി.ആർ. ശ്രീജേഷ്
(D) പി.ടി. ഉഷ

47. കേരളത്തിൽ കറുത്ത മണ്ണ് കാണപ്പെടുന്ന ജില്ല:

(A) മലപ്പുറം
(B) കോഴിക്കോട്
(C) പാലക്കാട്
(D) കാസർഗോഡ്

48. പശ്ചിമഘട്ടത്തിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടി:

(A) അഗസ്ത്യമല
(B) പൊൻമുടി
(C) ആനമുടി
(D) ഏഴിമല

49. കേരളത്തിലെ ഏറ്റവും വലിയ ജലസേചന പദ്ധതി:

(A) കല്ലട
(B) പീച്ചി
(C) ഇടമലയാർ
(D) ശാസ്താംകോട്ട

50. തണ്ണീർമുക്കം ബണ്ട് ഏത് കായലിലാണ് നിർമ്മിച്ചിരിക്കുന്നത്?

(A) പുന്നമട
(B) വേമ്പനാട്
(C) ശാസ്താംകോട്ട
(D) അഷ്ടമുടികായൽ

51. അയ്യങ്കാളി ജനിച്ച ജില്ല ഏത്?

(A) കൊല്ലം
(B) കോട്ടയം
(C) ആലപ്പുഴ
(D) തിരുവനന്തപുരം

52. ആറ്റിങ്ങൽ കലാപത്തിൽ വധിക്കപ്പെട്ട ബ്രിട്ടീഷ് സൈനിക തലവൻ :

(A) മൺറോ
(B) വെല്ലസ്ലി
(C) ഗിഫോർഡ്
(D) കൊനോലി

53. വാഗൺ ട്രാജഡി നടന്ന വർഷം :

(A) 1821 നവംബർ 10
(B) 1721 ജനുവരി 11
(C) 1721 നവംബർ 10
(D) 1809 നവംബർ 11

54. പൊന്നാനി താലൂക്കിൽ 1896 മാർച്ച് 26-ന് ജനിച്ച നവോത്ഥാന നായകൻ :

(A) മക്തി തങ്ങൾ
(B) വി.ടി. ഭട്ടതിരിപ്പാട്
(C) കെ. കേളപ്പൻ
(D) മമ്പുറം തങ്ങൾ

55. താഴെ പറയുന്നവയിൽ ഗാന്ധിജിയുടെ കേരള സന്ദർശനവുമായി ബന്ധമില്ലാത്തത് ഏത്?

(A) വൈക്കം സത്യാഗ്രഹം
(B) ഹരിജൻ ധനസമാഹരണം
(C) പാലിയം സത്യാഗ്രഹം
(D) നിസ്സഹകരണ സമര പ്രചാരണാർത്ഥം

56. എത്രാമത്തെ മലബാർ ജില്ല രാഷ്ട്രീയ സമ്മേളനമാണ് 1920-ൽ മഞ്ചേരിയിൽ നടന്നത്?

(A) 4
(B) 1
(C) 2
(D) 5

57. താഴെ പറയുന്ന നവോത്ഥാന നായകരിൽ ഒരേ വർഷം ജനിച്ചവർ ആരെല്ലാം?

(A) ഡോ. പല്പു, അയ്യങ്കാളി
(B) അയ്യങ്കാളി, പണ്ഡിറ്റ് കറുപ്പൻ
(C) ജി.പി. പിള്ള, സി. കൃഷ്ണൻ
(D) ചട്ടമ്പി സ്വാമി, വാഗ്ഭടാനന്ദൻ

58. താഴെ കൊടുത്തിരിക്കുന്നവയിൽ കാസർഗോഡ് ജില്ലയിൽ നടന്ന സമരം ഏത്?

(A) മൊറാഴ സമരം
(B) കയ്യൂർ സമരം
(C) കരിവെള്ളൂർ
(D) പുന്നപ്ര വയലാർ

59. ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി മലബാറിൽ നേതൃത്വം നൽകിയ വനിതയാര്?

(A) എ.വി. കുട്ടിമാളു അമ്മ
(B) ആനി മസ്ക്രിൻ
(C) അക്കമ്മ ചെറിയാൻ
(D) ഇവർ ആരുമല്ല

**60.** പ്രത്യക്ഷ രക്ഷാ ദൈവസഭ സ്ഥാപിച്ചത് ആര്?

(A) കുമാരഗുരുദേവൻ
(B) കുര്യാക്കോസ് ഏലിയാസ് ചാവറ
(C) ചട്ടമ്പി സ്വാമികൾ
(D) പണ്ഡിറ്റ് കെ.പി. കറുപ്പൻ

**61.** അപകടത്തിൽ ഒരു വ്യക്തിയുടെ സെറിബെല്ലത്തിന് തകരാറ് സംഭവിച്ചു ഇത് ആ വ്യക്തിയെ എങ്ങനെ ബാധിക്കുന്നു?

(A) ഐച്ഛിക ചലനങ്ങളുടെ നിയന്ത്രണം ഇല്ലാതാകുന്നു
(B) ശരീര തുലനനില പാലിക്കപ്പെടുന്നില്ല
(C) ഹൃദയസ്പന്ദനം നിലയ്ക്കുന്നു
(D) ഓർമ്മയ്ക്ക് തകരാറ് സംഭവിക്കുന്നു

**62.** ശരിയായ ജോഡി കണ്ടെത്തുക :

(A) ജൈവവൈവിധ്യം എന്ന പദം ആദ്യമായി ഉപയോഗിച്ചു - വാൾട്ടർ ജി റോസൺ
(B) ജീവശാസ്ത്രത്തിന്റെ പിതാവ് - ജോൺ റേ
(C) സ്പീഷിസ് എന്ന പദം ആദ്യമായി ഉപയോഗിച്ചു - അരിസ്റ്റോട്ടിൽ
(D) വർഗ്ഗീകരണ ശാസ്ത്രത്തിന്റെ പിതാവ് - ചരകൻ

**63.** അസ്ഥിയെ പൊതിഞ്ഞു കാണപ്പെടുന്ന സ്തരം :

(A) പ്ലൂറൽ സ്തരം
(B) മയലിൻ ഉറ
(C) പെരിയോസ്റ്റിയം
(D) പെരികാർഡിയം

**64.** "മനുഷ്യശരീരത്തിന്റെ കുടൽ ഭിത്തിയിൽ വച്ച് ചില ബാക്ടീരിയകൾക്ക് ഈ ജീവകം നിർമ്മിക്കാനാവും. അതിനാൽ ഭക്ഷണത്തിലൂടെ ലഭിക്കേണ്ട ഈ ജീവകത്തിന്റെ അളവ് കുറഞ്ഞാലും അപര്യാപ്തത വരുന്നില്ല." ഇവിടെ പരാമർശിക്കുന്ന ജീവകം ഏതാണ്?

(A) ജീവകം A
(B) ജീവകം D
(C) ജീവകം C
(D) ജീവകം K

**65.** തെങ്ങോലകളിലെ മഞ്ഞളിപ്പിന് കാരണം ഏത് മൂലകത്തിന്റെ കുറവാണ്?

(A) നൈട്രജൻ
(B) പൊട്ടാസ്യം
(C) കാത്സ്യം
(D) മഗ്നീഷ്യം

**66.** ജന്തുജന്യ രോഗമായ മഞ്ഞപ്പനി പരത്തുന്ന രോഗാണു ഏതാണ്?

(A) ഫംഗസ്
(B) വൈറസ്
(C) ബാക്ടീരിയ
(D) പാരാസൈറ്റ്

67. പ്രകൃതി സംരക്ഷണവുമായി ബന്ധപ്പെട്ട് മെയ് 23 – ന്റെ പ്രാധാന്യം :

(A) ലോക പരിസ്ഥിതി ദിനം
(B) ലോക കണ്ടൽ ദിനം
(C) ലോക ജല ദിനം
(D) ലോക കടലാമ ദിനം

68. കേരള സർക്കാറിന്റെ കീഴിലുള്ള സാമൂഹ്യനീതി വകുപ്പ് ബിപിഎൽ വിഭാഗത്തിൽപ്പെടുന്ന പ്രായമായ പ്രമേഹരോഗികൾക്ക് സൗജന്യമായി ഗ്ലൂക്കോമീറ്റർ നൽകുന്ന പദ്ധതി ഏതാണ്?

(A) വയോമിത്രം
(B) വയോമധുരം
(C) മന്ദഹാസം
(D) വയോഅമൃതം

69. കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ ആസ്ഥാനം :

(A) വയനാട്
(B) കോഴിക്കോട്
(C) തിരുവനന്തപുരം
(D) ആലപ്പുഴ

70. കാർഡിയോളജി ഏത് അവയവത്തിന്റെ തകരാറുകൾ കൈകാര്യം ചെയ്യുന്ന വൈദ്യശാസ്ത്രശാഖയാണ്?

(A) കണ്ണ്
(B) ഹൃദയം
(C) മസ്തിഷ്കം
(D) ചെവി

71. ഏതു തരം മാധ്യമത്തിലൂടെയാണ് ശബ്ദം കൂടുതൽ വേഗത്തിൽ സഞ്ചരിക്കുന്നത്?

(A) ഖരം
(B) ദ്രാവകം
(C) വാതകം
(D) ശൂന്യത

72. പ്രവൃത്തിയുടെ അതേ യൂണിറ്റ് ഉപയോഗിക്കുന്ന അളവ് ചുവടെ നൽകിയിരിക്കുന്നവയിൽ നിന്ന് കണ്ടെത്തുക :

(A) പവർ
(B) ഊർജ്ജം
(C) ബലം
(D) മർദ്ദം

73. ഒരു സ്റ്റോറേജ് ബാറ്ററി ചാർജ്ജ് ചെയ്യുന്ന അവസരത്തിൽ വൈദ്യുതിയുടെ ഏത് ഫലമാണ് പ്രയോജനപ്പെടുത്തിയിരിക്കുന്നത്?

(A) താപഫലം
(B) രാസഫലം
(C) കാന്തികഫലം
(D) പ്രകാശഫലം

74. ചന്ദ്രനിലെ ഗുരുത്വാകർഷണത്വരണം എത്രയായിരിക്കും?

(A) 9.8 $m/s^2$
(B) 8.9 $m/s^2$
(C) 1.62 $m/s^2$
(D) 3.26 $m/s^2$

75. ആറ്റത്തിന്റെ പ്ലം പുഡിങ് മാതൃക അവതരിപ്പിച്ചതാര്?

(A) ജെ.ജെ. തോംസൺ
(B) ജെയിംസ് ചാഡ് വിക്
(C) റൂഥർ ഫോർഡ്
(D) ഗോൾഡ് സ്റ്റെൻ

76. ചലിക്കും ചുരുൾ മൈക്രോഫോണിൽ നടക്കുന്ന ഊർജ്ജമാറ്റം ഏത്?

(A) വൈദ്യുതോർജ്ജം ശബ്ദോർജ്ജമായി മാറുന്നു
(B) വൈദ്യുതോർജ്ജം യാന്ത്രികോർജ്ജമായി മാറുന്നു
(C) ശബ്ദോർജ്ജം വൈദ്യുതോർജ്ജമായി മാറുന്നു
(D) വൈദ്യുതോർജ്ജം താപോർജ്ജമായി മാറുന്നു

77. ചുവടെ കൊടുത്തവയിൽ നിന്ന് സദിശ അളവ് കണ്ടെത്തുക :

(A) ദൂരം
(B) വേഗം
(C) പ്രവേഗം
(D) സമയം

78. ഭക്ഷ്യപദാർത്ഥങ്ങൾക്ക് മഞ്ഞനിറം നൽകാൻ ഉപയോഗിക്കുന്ന രാസവസ്തു ഏത്?

(A) ടാർട്രസിൻ
(B) ഇൻഡിഗോ കാർമൈൻ
(C) എരിത്രോസിൻ
(D) വാനിലിൻ

79. ഏത് ലോഹത്തിന്റെ അയിരാണ് കലാമിൻ?

(A) അലുമിനിയം
(B) സിങ്ക്
(C) ഇരുമ്പ്
(D) കോപ്പർ

80. ഏത് മൂലകത്തിന്റെ പ്രതീകമാണ് K എന്ന അക്ഷരം കൊണ്ട് സൂചിപ്പിക്കുന്നത്?

(A) കാൽസ്യം
(B) കാഡ്മിയം
(C) പൊട്ടാസ്യം
(D) സോഡിയം

81. $3 \times 2 \div 2 - 4 + 5 \times 2 =$

(A) 9
(B) 5
(C) 8
(D) 12

82. $\frac{2}{7}$ നോട് എത്ര കൂട്ടിയാലാണ് 1 കിട്ടുക?

(A) 1
(B) $\frac{-9}{4}$
(C) $\frac{-5}{7}$
(D) $\frac{5}{7}$

83. $\sqrt{0.01} \times \sqrt{0.0025} =$

(A) 0.5
(B) 0.0025
(C) 0.0052
(D) 0.005

84. രണ്ട് ഒറ്റ സംഖ്യകളുടെ ഗുണനഫലം 621 ഉം തുക 50 ഉം ആണ്. ഈ ഓരോ ഒറ്റ സംഖ്യയുടേയും തൊട്ടടുത്തുള്ള രണ്ട് ഒറ്റസംഖ്യകളുടെ ഗുണനഫലം എന്താണ്?

(A) 621
(B) 725
(C) 672
(D) 722

85. $122 \times 41 = 5002$ ആയാൽ

$1.22 \times 41 =$

(A) 5002
(B) 5.002
(C) 50.02
(D) 500.2

86. 5 സംഖ്യകളുടെ ശരാശരി 51 ആണ്. അതിൽ ചെറിയ സംഖ്യ ഏത്?

(A) 49
(B) 51
(C) 50
(D) 48

87. അഞ്ചു അക്കങ്ങളുള്ള സംഖ്യകൾ ആകെ എത്ര എണ്ണമുണ്ട്?

(A) 90000
(B) 90001
(C) 8999
(D) 10000

88. $\frac{-1}{3}, \frac{-2}{9}, \frac{-4}{3}$ എന്നീ സംഖ്യകളെ ആരോഹണക്രമത്തിലെഴുതിയാൽ ശരിയായത് ഏത്?

(A) $\frac{-1}{3}, \frac{-2}{9}, \frac{-4}{3}$

(B) $\frac{-4}{3}, \frac{-1}{3}, \frac{-2}{9}$

(C) $\frac{-2}{9}, \frac{-1}{3}, \frac{-4}{3}$

(D) $\frac{-1}{3}, \frac{-4}{3}, \frac{-2}{9}$

89. 3 പേന വാങ്ങിയാൽ 1 പേന വെറുതെ കിട്ടുമെങ്കിൽ ഡിസ്കൗണ്ട് ശതമാനം എത്ര?

(A) $33\frac{1}{3}\%$

(B) 75%

(C) 50%

(D) 25%

90. മൂന്ന് വ്യത്യസ്ത റോഡ് ക്രോസിങ്ങിലെ ട്രാഫിക് ലൈറ്റുകൾ യഥാക്രമം 30″, 36″, 48″ എന്നീ സെക്കന്റുകളിൽ മാറുന്നു. രാവിലെ 7 മണിക്ക് അത് ഒരേ സമയം മാറുകയാണെങ്കിൽ, അവ വീണ്ടും ഒരുമിച്ച് മാറുന്നത് ഏത് സമയത്താണ്?

(A) 24 മിനിട്ടിനുശേഷം

(B) 10 മിനിട്ടിനുശേഷം

(C) 15 മിനിട്ടിനുശേഷം

(D) 12 മിനിട്ടിനുശേഷം

91. $\frac{4}{3} \div 4 + \frac{2}{3}$ ന്റെ വില കാണുക :

(A) 1

(B) $\frac{10}{3}$

(C) $\frac{10}{6}$

(D) 3

92. മയൂഖ ഒരു വരിയിൽ പിന്നിൽ നിന്നും 15-ാമതും മുന്നിൽ നിന്നും 16-ാമതും ആയി നിൽക്കുന്നു. എങ്കിൽ ആ വരിയിൽ എത്ര പേർ ഉണ്ട്?

(A) 31

(B) 30

(C) 32

(D) 33

93. ഈ ശ്രേണിയിലെ അടുത്ത സംഖ്യ ഏത്?

4, 10, 28, 82, ———

(A) 200

(B) 158

(C) 92

(D) 244

94. ശരിയായ രീതിയിൽ ക്രമീകരിച്ചത് ഏത്?

(A) ജില്ല, സംസ്ഥാനം, പഞ്ചായത്ത്, വീട്ടുനമ്പർ

(B) വീട്ടുനമ്പർ, സംസ്ഥാനം, ജില്ല, പഞ്ചായത്ത്

(C) സംസ്ഥാനം, ജില്ല, പഞ്ചായത്ത്, വീട്ടുനമ്പർ

(D) പഞ്ചായത്ത്, വീട്ടുനമ്പർ, സംസ്ഥാനം, ജില്ല

95. ഓസ്കാർ : സിനിമ : : ബുക്കർ :

(A) സാഹിത്യം
(B) സാമൂഹികപ്രവർത്തനം
(C) സ്പോർട്സ്
(D) ശാസ്ത്രം

96. $10^2$ : 100 : : $100^2$ :

(A) 1000
(B) 10000
(C) 100000
(D) 10

97. വ്യത്യസ്തമായത് ഏത്?

(A) ചതുരം
(B) ത്രികോണം
(C) സാമാന്തരികം
(D) ലംബകം

98. മകളുടെ വയസ്സിന്റെ 5 മടങ്ങാണ് സുനിതയുടെ വയസ്സ്. രണ്ട് വർഷം കഴിഞ്ഞാൽ രണ്ടുപേരുടെയും വയസ്സുകളുടെ തുക 40 ആയാൽ സുനിതയുടെ ഇപ്പോഴത്തെ വയസ്സ് എത്ര?

(A) 6
(B) 32
(C) 30
(D) 25

99. ഈ ശ്രേണിയിൽ അടുത്തത് ഏത്?
CXB, EVD, GTF, ————

(A) HRI
(B) IRH
(C) IWH
(D) HWI

100. 7.5 [(22.36 + 27.64) – (36.57 + 3.43)] =

(A) 7.5
(B) 0.75
(C) 75
(D) 750

# FINAL ANSWER KEY
**Question Paper Code:17/25 M**
**Question Paper Medium:Malayalam**
**Category Code:134/2023,259/2023,446/2023,447/2023,587/2023,696/2023,697/2023**
**Name Of Post & Department:Up to 10th level Common Preliminary Examination- ( Store Keeper, Asst.**
**Date Of Test:08-Feb-2025**

| | QUESTION BOOKLET ALPHA CODE | | | |
|---|---|---|---|---|
| Q No. | A | B | C | D |
| 1 | C | A | C | A |
| 2 | D | B | D | B |
| 3 | A | C | A | D |
| 4 | B | D | B | X |
| 5 | C | A | D | C |
| 6 | D | B | X | D |
| 7 | A | D | C | A |
| 8 | B | X | D | B |
| 9 | D | C | A | C |
| 10 | X | D | B | D |
| 11 | A | D | B | C |
| 12 | C | B | A | B |
| 13 | D | B | C | D |
| 14 | B | A | B | C |
| 15 | B | C | D | A |
| 16 | A | B | C | C |
| 17 | C | D | A | D |
| 18 | B | C | C | B |
| 19 | D | A | D | B |
| 20 | C | C | B | A |
| 21 | D | D | B | C |
| 22 | B | A | A | A |
| 23 | D | B | C | D |
| 24 | A | A | A | C |
| 25 | B | C | D | D |
| 26 | A | A | C | B |
| 27 | C | D | D | D |
| 28 | A | C | B | A |
| 29 | D | D | D | B |
| 30 | C | B | A | A |
| 31 | A | C | B | C |
| 32 | C | D | A | C |
| 33 | C | B | C | B |
| 34 | D | A | C | D |
| 35 | B | C | B | A |
| 36 | A | C | D | C |
| 37 | C | B | A | C |
| 38 | C | D | C | D |
| 39 | B | A | C | B |
| 40 | D | C | D | A |
| 41 | D | B | B | C |
| 42 | A | A | B | C |
| 43 | B | B | C | A |
| 44 | A | B | C | B |
| 45 | B | C | A | D |
| 46 | B | C | B | A |
| 47 | C | A | D | B |
| 48 | C | B | A | A |
| 49 | A | D | B | B |
| 50 | B | A | A | B |

| | QUESTION BOOKLET ALPHA CODE | | | |
|---|---|---|---|---|
| Q No. | A | B | C | D |
| 51 | D | X | C | A |
| 52 | C | B | D | B |
| 53 | X | C | A | A |
| 54 | B | D | B | A |
| 55 | C | A | A | D |
| 56 | D | B | A | C |
| 57 | A | A | D | X |
| 58 | B | A | C | B |
| 59 | A | D | X | C |
| 60 | A | C | B | D |
| 61 | B | C | X | X |
| 62 | A | D | B | B |
| 63 | C | X | X | C |
| 64 | D | B | B | B |
| 65 | X | X | C | B |
| 66 | B | B | B | A |
| 67 | X | C | B | C |
| 68 | B | B | A | D |
| 69 | C | B | C | X |
| 70 | B | A | D | B |
| 71 | A | B | A | C |
| 72 | B | C | C | A |
| 73 | B | A | C | B |
| 74 | C | C | A | C |
| 75 | A | C | B | A |
| 76 | C | A | C | B |
| 77 | C | B | A | B |
| 78 | A | C | B | C |
| 79 | B | A | B | A |
| 80 | C | B | C | C |
| 81 | A | X | A | B |
| 82 | D | A | B | B |
| 83 | D | B | D | C |
| 84 | B | D | C | B |
| 85 | C | D | A | C |
| 86 | X | A | B | A |
| 87 | A | B | B | D |
| 88 | B | D | C | D |
| 89 | D | C | B | B |
| 90 | D | A | C | C |
| 91 | A | B | A | X |
| 92 | B | B | D | A |
| 93 | D | C | D | B |
| 94 | C | B | B | D |
| 95 | A | C | C | D |
| 96 | B | A | X | A |
| 97 | B | D | A | B |
| 98 | C | D | B | D |
| 99 | B | B | D | C |
| 100 | C | C | D | A |

'X' denotes deletion

Approved For Publication
Sd/-
Section officer